

ജിസ്ട്രേഷൻ, ലൈസൻസ് എടുക്കൽ-പുതുക്കൽ, സാങ്കേതിക പരിശോധന വിഭാഗം, വാഹന നിയമ ലംഘനത്തിൻെറ പിഴയുമായി ബന്ധപ്പെട്ട വിഭാഗം, ഡ്രൈവിങ് ടെസ്റ്റ് തുടങ്ങി എല്ലാ വകുപ്പുകളുടേയും പ്രവർത്തന സമയം രാവിലെ 7.30 മുതൽ വൈകുന്നേരം 6.30 വരെ ആയിരിക്കും. രാജ്യത്ത് സ്വദേശികളും വിദേശികളുമടക്കം വാഹനമുപയോഗിക്കുന്നവരുടെ എണ്ണം ഗണ്യമായി വർധിച്ചതിനാൽ പൊതു താൽപര്യം മുൻനിർത്തിയാണ് ഇത്തരം സ്ഥാപനങ്ങളുടെ സമയ ക്രമത്തിൽ മാറ്റം വരുത്തിയതെന്ന് ഡിപ്പാർട്ടുമെൻറ് പുറത്തിറക്കിയ ഉത്തരവിൽ പറഞ്ഞു.

# മുൻ പ്രവാസി നിര്യാതനായി

കുവൈത്ത് സിറ്റി: കുവൈത്തിൽ ദീർഘകാലം പ്രവാസിയായിരുന്നയാൾ നാട്ടിൽ നിര്യാതനായി. നന്ദി സ്വദേശി കുഞ്ഞബ്ദുല്ല (58) ആണ് മരിച്ചത്. യർമൂഖിൽ സാൻഡ്വിച്ച് കടയിൽ ജീവനക്കാരനായിരുന്ന കുഞ്ഞബ്ദുല്ല ഏഴ് മാസം മുമ്പാണ് അസുഖത്തെ തുടർന്ന് പ്രവാസ ജീവിതം മതിയാക്കി മടങ്ങിയത്. ഭാര്യയും മൂന്ന് പെൺമക്കളുമുണ്ട്.

5/11/13